**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റിയുടെ മറൈൻ ഡ്രൈവ് മൈതാനത്ത് 37-ാമത് കൊച്ചിൻ ഫ്ലവർ ഷോ 2019 നടത്തുന്നതിന് വാടകയിൽ 50% ഇളവ് അനുവദിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.3047/2018/തസ്വഭവ.　　　　തിരുവനന്തപുരം, തീയതി: 30/11/2018**

---

പരാമർശം:- 1) 21.08.2018 തീയതിയിലെ സ.ഉ.(സാധാ) നം.2299/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2) എറണാകുളം ഡിസ് ട്രിക് ട് അഗ്രി-ഹോർട്ടികൾച്ചറൽ സൊസൈറ്റി സെക്രട്ടറിയുടെ 13.09.2018 തീയതിയിലെ അപേക്ഷ.

**ഉത്തരവ്**

37-ാമത് കൊച്ചിൻ ഫ്ലവർ ഷോ 2019 - ന്റെ നടത്തിപ്പിലേക്കായി മൈതാനത്തിന്റെ പ്രതിദിനവാടകയിൽ 25% ഇളവനുവദിക്കുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിക്ക് അനുമതി നൽകി സൂചന (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കൊച്ചിൻ ഫ്ലവർഷോ 2019-ന്റെ ലാഭവിഹിതം മുഴുവൻ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്ന വസ്തുത കൂടി പരിഗണിച്ച് മറൈൻ ഡ്രൈവ് മൈതാനം സൗജന്യമായി അനുവദിച്ച് നൽകണമെന്ന് എറണാകുളം ഡിസ് ട്രിക് ട് അഗ്രി-ഹോർട്ടികൾച്ചറൽ സൊസൈറ്റി സെക്രട്ടറി സൂചന (2) പ്രകാരം സർക്കാരിൽ വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മൈതാനം അനുവദിക്കുന്നതിനു മുമ്പ് അപേക്ഷകൻ ആയതു സംബന്ധിച്ച തുക വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി മുമ്പാകെ അടക്കേണ്ടതാണ് എന്ന വ്യവസ്ഥയോടെ, എറണാകുളം മറൈൻ ഡ്രൈവ് മൈതാനത്ത് 28.12.2018 മുതൽ 18.01.2019 വരെ എറണാകുളം ഡിസ് ട്രിക് ട് അഗ്രി-ഹോർട്ടികൾച്ചറൽ സൊസൈറ്റി നടത്തുന്ന 37-മത് കൊച്ചിൻ ഫ്ലവർ ഷോ 2019-ന് മൈതാനത്തിന്റെ വാടകയിൽ 50% ഇളവനുവദിക്കുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി.എം.ആർ**

**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

സെക്രട്ടറി, എറണാകുളം ഡിസ് ട്രിക് ട് അഗ്രി-ഹോർട്ടികൾച്ചറൽ സൊസൈറ്റി, ഓൾഡ് കളക്ടറേറ്റ് ക്യാമ്പസ്, സുഭാഷ് ബോസ് പാർക്കിന് എതിർവശം, കൊച്ചിൻ - 682011

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**